# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3677 — 20.06.2018 — ൽ മറുപടിക്ക്

## റേഷൻ കടകൾ വഴി ബാങ്കിംഗ് സേവനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.കെ. രാജൻ<br>,, എൽദോ എബ്രഹാം : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ കടകൾ വഴി ബാങ്കിംഗ് സേവനങ്ങൾ നല്കുന്നതിന് എന്തെങ്കിലും നീക്കമുണ്ടോ; വ്യക്തമാക്കുമോ;<br><br>(ബി) ഈ-പോസ് മെഷീനുകൾ വഴി എ.ടി.എം. സേവനം നല്കുന്നത് സാധ്യമാണോ; എങ്കിൽ ആയതിന്റെ സാങ്കേതികത്വവും പ്രായോഗീകതയും വിശദമാക്കുമോ; | (എ) യും (ബി) യും റേഷൻകടകളിൽ സ്ഥാപിച്ചിട്ടുള്ള ഇ-പോസ് മെഷീനിലൂടെ എ.റ്റി.എം. ഉൾപ്പെടെയുള്ള എല്ലാ ബാങ്കിംഗ് സേവനങ്ങളും പൊതുജനങ്ങൾക്ക് നല്കാൻ സാധിക്കുന്നതാണ്. ആധാർ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഫിംഗർപ്രിന്റ് സ്കാനർ മുഖേനയോ, ബാങ്കിന്റെ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്ത ശേഷം ഒരു പെയ്മെന്റ് ഗേറ്റ്‌വേ മുഖേനയോ ഇടപാടുകൾ നടത്താൻ സാധിക്കുന്നതാണെന്ന് കാനറാ ബാങ്ക് പ്രതിനിധികൾ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കാനറാ ബാങ്കുമായി ചർച്ചകൾ നടത്തി വരുന്നു. |
| (സി) ഇത് മൂലം റേഷൻ കടയുടമകൾക്ക് ലഭ്യമാകുന്ന നേട്ടങ്ങൾ വ്യക്തമാക്കുമോ; | (സി) ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ റേഷൻ കടയുടമകൾക്ക് 100 ഇടപാടുകൾക്ക് പ്രതിമാസം കമ്മീഷൻ ഇനത്തിൽ 2500/- രൂപ ലഭിക്കുകയും അതിൽ കൂടുതൽ ഇടപാടുകൾ നടത്തുന്ന പക്ഷം ആനുപാതികമായി ഇൻസന്റീവും ലഭിക്കുന്നതാണ്. പ്രതിമാസം 100 ൽ താഴെ ഇടപാടുകൾ നടത്തുന്ന റേഷൻ കട ഉടമകൾക്ക് ഇടപാടുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഇൻസന്റീവ് ലഭിക്കുന്നതാണ്. |
| (ഡി) ബാങ്കുകൾക്ക് എ.ടി.എം. സ്ഥാപിക്കുന്നതിനുള്ള ചെലവ് കുറയുമെന്ന കാരണത്താൽ ഇ-പോസ് മെഷീൻ മുഖേന പണം പിൻവലിയ്ക്കാനുള്ള സേവനങ്ങൾക്ക് ബാങ്കുകളുടെ അനുമതി ലഭ്യമാകുമോ; ഇക്കാര്യത്തിൽ ബാങ്ക് പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) റേഷൻ കടകൾ വഴി ബാങ്കിംഗ് സേവനങ്ങൾ നല്കുന്നത് സംബന്ധിച്ച് കാനറാ ബാങ്ക് പ്രതിനിധികളുമായി ചർച്ചകൾ നടത്തി വരുന്നു. |

*സെക്ഷൻ ഓഫീസർ*